**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **10-08-2023 - ൽ മറുപടിയ്ക്ക്**

**തെന്മല പരപ്പാർ ഡാം സംരക്ഷിത പ്രദേശത്തെ കൽക്കെട്ടുകളിലെ ആൽമരങ്ങൾ മുറിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല പരപ്പാർ ഡാം സംരക്ഷിത പ്രദേശത്ത് കല്ലടയാറിന്റെ വശത്തെ കൽക്കെട്ടുകളിലെ ആൽമരങ്ങൾ നാളിതുവരെ മുറിച്ച് മാറ്റിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കല്ലടയാറ്റിലെ കെ.ഐ.പി. കാമ്പസിന്റെ വലതുകരയിലെ കൽക്കെട്ടിന് സമീപമുള്ള മരങ്ങൾ 2022-2023 വർഷത്തെ Monsoon Preparedness വർക്കിൽ അടിയന്തര പ്രാധാന്യം നൽകി ഉൾപ്പെടുത്തി മുറിച്ചു മാറ്റിയിട്ടുള്ളതാണ്. |
| (ബി) | തെന്മല പഞ്ചായത്തിലെ ബഹുഭൂരിപക്ഷ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന ജല അതോറിറ്റിയുടെ കിണറിന് സമീപത്തെ കല്ലടയാറിന്റെ കൽക്കെട്ടുകൾ തകർന്നാൽ കിണർ നശിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കെ.ഐ.പി. കാമ്പസിൽ കല്ലടയാറ്റിന്റെ കരയിലുള്ള ജല അതോറിറ്റിയുടെ കിണറിന് സമീപമുള്ള മരങ്ങൾ മേൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മുറിച്ചുമാറ്റിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ കൽക്കെട്ടുകൾ അപകടാവസ്ഥയിലല്ല. |

സെക്ഷൻ ഓഫീസർ